ബേപ്പൂർ സിവിൽ സപ്ലൈസ് ഗോഡൗണിലെ കരാർ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം

40 [1359] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ സിവിൽ സപ്ലൈസ് ഗോഡൗണിലെ കരാർ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും ജില്ലാ ലേബർ ആഫീസറിൽ നിന്നും ആവശ്യമായ പ്രപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ ആനുകൂല്യം എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) & (ബി) 29-3-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 908/2004 പ്രകാരം കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഇ.എസ്.ഐ. ആക്ടിന്റെ 87-ാം സെക്ഷൻ പ്രകാരം ഇ.എസ്.ഐ.യുടെ പരിധിയിൽ നിന്നും 31-3-2004 വരെ ഒഴിവാക്കി. ഈ കാരണത്താൽ കരാർ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം കിട്ടാതെ വന്നു. ഇവ വീണ്ടും പുനഃസ്ഥാപിച്ചുകൊടുക്കുന്നതിന് വേണ്ടി കരാർ തൊഴിലാളികളെ ഇ.എസ്.ഐ. ആക്ടിന്റെ 88-ാം വകുപ്പിലേക്ക് കൊണ്ടുവരണം. ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കാം.

ഇ. എസ്. ഐ. സ്കീം

41 [1360] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*
,, *എ. എ. അസീസ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ താലൂക്കുകളിലും ഇ.എസ്.ഐ. സ്കീം ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബാധകമാക്കാത്ത താലൂക്കുകൾ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇ.എസ്.ഐ. ബോർഡ് 2005 ഫെബ്രുവരി മാസം അംഗീകരിച്ച തൊഴിലില്ലായ്മ വേതന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയോ;

(സി) ഇല്ലെങ്കിൽ കാരണമെന്താണെന്നും എന്നുമുതൽ അതു നടപ്പിലാക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവരാണ് പെൻഷന് അർഹത നേടുന്നത്;

(ഇ) ശാരീരികാസ്വാസ്ഥ്യത്തെ തുടർന്ന് പിരിഞ്ഞവർക്ക് പെൻഷനുവേണ്ടി ആരെയാണ് സമീപിക്കേണ്ടതെന്നും അതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ താലൂക്കുകളിലും ഇ.എസ്.ഐ. സ്കീം ബാധകമാക്കിയിട്ടില്ല. ബാധകമാക്കാത്ത താലൂക്കുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. നെടുമങ്ങാട് (തിരുവനന്തപുരം ജില്ല)
2. കോഴഞ്ചേരി (പത്തനംതിട്ട ജില്ല)
3. മല്ലപ്പള്ളി (പത്തനംതിട്ട ജില്ല)
4. റാന്നി (പത്തനംതിട്ട ജില്ല)
5. ഹോസ്ദുർഗ് (കാസറഗോഡ് ജില്ല)
6. കാഞ്ഞിരപ്പള്ളി (കോട്ടയം ജില്ല)
7. പീരുമേട് (ഇടുക്കി ജില്ല)
8. ഉടുമ്പൻചോല (ഇടുക്കി ജില്ല)
9. ദേവികുളം (ഇടുക്കി ജില്ല)
10. ആലത്തൂർ (പാലക്കാട് ജില്ല)
11. മണ്ണാർക്കാട് (പാലക്കാട് ജില്ല)
12. പെരിന്തൽമണ്ണ (മലപ്പുറം ജില്ല)
13. വൈത്തിരി (വയനാട് ജില്ല)
14. സുൽത്താൻ ബത്തേരി (വയനാട് ജില്ല)
15. മാനന്തവാടി (വയനാട് ജില്ല)

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) ഇ.എസ്.ഐ. കോർപ്പറേഷൻ അംഗീകരിച്ച തൊഴിലില്ലായ്മ വേതന പദ്ധതിയായ രാജീവ്ഗാന്ധി ശ്രമിക് കല്യാൺയോജന 1-4-2005 മുതൽ നിലവിൽവന്നു. അതിന്റെ നിയമ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതനുസരിച്ച് ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തികൾക്ക് അവരുടെ അർഹതാ ഉപാധികൾ സ്വീകാര്യമാകുന്ന മുറയ്ക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നത് പരിഗണിക്കണമെന്നുള്ള നിർദ്ദേശം ഇ.എസ്.ഐ. കോർപ്പറേഷൻ അതിന്റെ എല്ലാ ബ്രാഞ്ച് മാനേജർമാർക്കും നൽകിക്കൊണ്ടിരിക്കുന്നു.

(ഡി) ഇൻഷ്വർ ചെയ്ത വ്യക്തി ജോലിചെയ്യുന്ന ഫാക്ടറിയുടെയോ സ്ഥാപനത്തിന്റെയോ അടച്ചുപൂട്ടലിനെത്തുടർന്ന്, 1-4-2005-നോ അതിനുശേഷമോ, സ്വമേധയാ അല്ലാതെ, ഇൻഷ്വറൻസ് ബാധകമാക്കിയിട്ടുള്ള ഒരു തൊഴിലിൽ നിന്നും പിരിഞ്ഞുപോകേണ്ടിവരുന്ന സാഹചര്യത്തിൽ ഇൻഷ്വർ ചെയ്ത ഒരു തൊഴിലിൽ 5 വർഷമോ അതിലധികമോ കാലം പ്രതിമാസ തുക അടച്ചതിനു ശേഷം തൊഴിലിൽ നിന്നും പുറത്താകൽ അല്ലെങ്കിൽ സ്ഥിരമായി ജോലി ചെയ്യാനുള്ള കഴിവില്ലായ്മ (കേന്ദ്രസർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ നിയമിച്ച ഒരു മെഡിക്കൽ ബോർഡ് സർട്ടിഫൈ ചെയ്ത തൊഴിലിനോട് ബന്ധപ്പെട്ടതല്ലാത്ത 50% കുറയാത്ത പരിക്ക് ഉണ്ടായിരിക്കണം) എന്നിവയ്ക്ക് വിധേയരായ വ്യക്തികൾക്ക് അവരുടെ മൊത്തം സേവന കാലത്തിനിടയ്ക്ക് ഏറ്റവും കൂടുതൽ 6 മാസത്തേക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും.

(ഇ) തൊഴിലെടുത്ത് സമ്പാദിക്കാനുള്ള കഴിവ് ഇല്ലാതാക്കുന്ന രീതിയിലുള്ളതും തൊഴിലിനോട് ബന്ധപ്പെട്ടതുമായ പൂർണ്ണമോ, ഭാഗികമോ ആയ സ്ഥായിയായ പരിക്കിനോ അംഗവൈകല്യത്തിനോ വിധേയനാകുന്ന ഒരു വ്യക്തിക്ക് അയാൾ ഇൻഷ്വർ ചെയ്തിട്ടുള്ള ആളാണെങ്കിൽ സമ്പാദിക്കാനുള്ള കഴിവില്ലായ്മയുടെ തോതിനെ സംബന്ധിച്ച് നിയമാനുസൃതം രൂപീകരിക്കപ്പെട്ട ഒരു മെഡിക്കൽ ബോർഡിന്റെ ശുപാർശയ്ക്ക് വിധേയമായി ജീവിതകാലം മുഴുവൻ പെൻഷന്റെ സ്വഭാവത്തിലുള്ള സ്ഥിരം വൈകല്യവേതനത്തിന് ഇ.എസ്. ഐ. ആക്ട്/നിയമങ്ങൾ പ്രകാരം അർഹതയുണ്ട്. ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തികൾക്ക് ഈ ആവശ്യത്തിന് ഇ.എസ്.ഐ. കോർപ്പറേഷന്റെ ബ്രാഞ്ച് ആഫീസർമാരെ സമീപിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം

42 [1362] *ശ്രീ. ഉമേഷ് ചള്ളിയിൽ:*
,, കെ. കെ. ഷാജു :
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കെ.എസ്.ആർ.ടി.സി. ക്ക് ഉണ്ടായിരുന്ന ബസ്സുകളുടെ എണ്ണം എത്രയായിരുന്നവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly